## സാമൂഹ്യക്ഷേമ ഡയറക്ടറുടെ നടപടി ക്രമങ്ങൾ

വിഷയം : സാമൂഹ്യക്ഷേമ വകുപ്പ് - ഐസിഡിഎസ്. പുതുതായി ആരംഭിക്കുന്ന 95 ഐസിഡിഎസ്. പ്രോജക്ട് ആഫീസുകളിലേയ്ക്ക് സ്റ്റീൽ ഫർണീച്ചറും മറ്റ് ഉപകരണങ്ങളും വാങ്ങുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൂചന : 1) കേന്ദ്ര സർക്കാർ കത്ത് നം. 14-1/2008-CDI (Rt) തീയതി :26.11.08
2) ജി.ഒ.(ആർ.റ്റി) നം 425/2010/എസ്.ഡബ്ള്യു.ഡി. തീയതി : 5.10.10
3) ജി.ഒ (ആർ.റ്റി) നം 54/10 SPD തീയതി : 18..11..10
4) ജി.ഒ (ആർ.റ്റി) നം 45/2010 SPD തീയതി : 25.9.10

### ഉത്തരവ് നമ്പർ ഐസിഡിഎസ്. എ1-54634/10 തീയതി : 19..1..2011

ഐസിഡിഎസ്. പദ്ധതിയുടെ നടത്തിപ്പിൽ വിവിധ കംപോണന്റുകൾ ഉൾപ്പെടുത്തിയും അവയ്ക്ക് അനുവദനീയമായ നിരക്ക് പുതുക്കി നിശ്ചയിച്ചുകൊണ്ടും ഒന്നാം പരാമർശ കത്തു പ്രകാരം കേന്ദ്ര സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രോജക്ട് ഓഫീസിന്റെ പ്രവർത്തിനാവശ്യമായ ഫർണീച്ചർ എക്യുപ്പ്മെന്റ് എന്നീ ഇനത്തിൽ ഒരു പ്രോജക്ടിന് പരമാവധി 1,50,000/-രൂപ വരെ ചെലവഴിക്കുന്നതിന് ടി കേന്ദ്ര സർക്കാർ നിർദ്ദേശത്തിൽ അനുവദിച്ചിട്ടുണ്ട്.

ഐസിഡിഎസ്. പദ്ധതിയുടെ മൂന്നാം ഘട്ട വികസനത്തിന്റെ ഭാഗമായി സംസ്ഥാനത്ത് 95 ഐസിഡിഎസ്. പ്രോജക്ടുകൾ കൂടി കേന്ദ്ര സർക്കാർ അനുവദിക്കുകയും ആയതിന് സംസ്ഥാന സർക്കാർ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി പ്രോജക്ടുകളുടെ പ്രവർത്തനത്തിന്റെ ഭാഗമായി 95 പുതിയ പ്രോജക്ട് ആഫീസുകൾ സത്വരമായി ആരംഭിക്കേണ്ടിയിരിക്കുന്നു. ടി ആഫീസുകളിലേയ്ക്ക് ജീവനക്കാരുടെ എണ്ണത്തിന് ആനുപാതികമായി ഫർണീച്ചർ മറ്റ് ഉപകരണങ്ങൾ എന്നിവ നൽകി ആഫീസുകൾ സജ്ജമാക്കേണ്ടിയിരിക്കുന്നു.

നടപ്പു സാമ്പത്തിക വർഷത്തിൽ ഐസിഡിഎസ്. പദ്ധതിയുടെ തുടർ നടത്തിപ്പിനായി ബജറ്റിൽ വകയിരുത്തിയിട്ടുള്ള 24136.00 ലക്ഷം രൂപ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ചെലവഴിക്കുന്നതിന് രണ്ടാം പരാമർശ പ്രകാരം ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് പുതുതായി ആരംഭിക്കുന്ന 95 ഐസിഡിഎസ്. പ്രോജക്ട് ആഫീസുകളിലേയ്ക്ക് ഫർണീച്ചറുകളും മറ്റ് ഉപകരണങ്ങളും വാങ്ങി നൽകുന്നതിന് രണ്ടാം പരാമർശ പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ അനുവദിച്ചിട്ടുണ്ട്.

സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ സിഡ്കോ, SIDCO, KADCO എന്നീ സ്ഥാപനങ്ങളിൽ നിന്നും ഫർണീച്ചറും മറ്റു ഉപകരണങ്ങളും ക്വട്ടേഷനോ ദർഘാസോ കൂടാതെ വാങ്ങുന്നതിന് മൂന്നും നാലും പരാമർശ ഉത്തരവുകൾ പ്രകാരം സർക്കാർ അനുവദിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ചുവടെ കാണിച്ചിരിക്കുന്ന സ്പെസിഫിക്കേഷനിലുള്ള ഫർണീച്ചറും മറ്റ് ഉപകരണങ്ങളും സംസ്ഥാന സർക്കാർ ഉടമസ്ഥതയിലുള്ള സിഡ്കോ, കഡ്കോ എന്നീ സ്ഥാപനങ്ങളിൽ നിന്നും വാങ്ങുന്നതിന് ബന്ധപ്പെട്ട 95 ഐസിഡിഎസ്. പ്രോജക്ടുകളിലെ ശിശു വികസന പദ്ധതി ആഫീസർമാരേയും അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| Sl. No. | Item | Specification | Required No. |
|---|---|---|---|
| 1 | Steel Table | 3 drawer right side, 1 cupboard left side Novapan Top, 72"x36" x 30" (22G) 28 Kg. | 1 |
| 2 | Steel Table | 3 drawer right side OR 1 drawer and 1 cupboard right side 18mm Novapan Top, 48" x24" x30" (22G). 20 Kg | 1 |
| 3 | Steel Table | 3 drawer, One door and cupboard on right side with Novapan Top. 36"x24"x30" (22G) 12 Kg | 3 |
| 4 | Full Arm Chair | Plastic seat and back with Teeak wood frame 1" pipe 6 mtr. | 1 |
| 5 | Full Arm Chair | Plastic seat and back with ordinary wood 1" steel pipe 6mtr. | 4 |
| 6 | Steel slotted angle rack | 72"x36"x15 6 pannels | 2 |
| 7 | Armed Plastic Chair | Ordinary | 15 |
| 8 | Steel Almarah | Large size four fixed self. 78"x36"x19". 20Kg | 2 |

കേരളാ സ്മാൾ സ്കെയിൽ ഡവലപ്പ്മെന്റ് കോർപ്പറേഷൻ (SIDCO) കേരളാ ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ (KADCO) എന്നീ സ്ഥാപനങ്ങളിൽ നിന്ന് വാങ്ങൽ നടത്തുന്ന മുകളിൽ കാണിച്ച ഫർണീച്ചറും മറ്റ് ഉപകരണങ്ങളും ശരിയായി പരിശോധിച്ച് കേടുപാടുകൾ വന്നിട്ടില്ല എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന ഇൻവോയിസിന്റെ അടിസ്ഥാനത്തിലുള്ള തുക ട്രഷറിയിൽ നിന്നും മാറി നൽകേണ്ടതാണ്.

ഇതിലേയ്ക്കാവശ്യമായ തുക നടപ്പ് സാമ്പത്തിക വർഷത്തിൽ 2235-02-102-98 (പ്ളാൻ) 34 ഒ.സി എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

ഒപ്പ്

സാമൂഹ്യക്ഷേമ ഡയറക്ടർ.

ബന്ധപ്പെട്ട ശിശു വികസന പദ്ധതി ആഫീസർമാർക്ക്
(ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു).

പകർപ്പ് :

1) ഫിനാൻസ് ആഫീസർ.
(ബന്ധപ്പെട്ട സിഡിപിഒ.മാർക്ക് ഫണ്ട് അനുവദിച്ചു നൽകുന്നതിലേയ്ക്ക്).
2) ഡയറക്ടർ, അഡീഷണൽ ഡയറക്ടർ എന്നിവർക്ക് (സി.എ മുഖേന).
3) എസ്.എഫ്/സ്പെയർ.
4) പ്രോഗ്രാം ആഫീസർമാർ

ഉത്തരവിൻ പ്രകാരം

അക്കൗണ്ട്സ് ആഫീസർ

ജികെ/